തീർച്ചയായും നീ ഒരു കല്ലാണെന്ന് എനിക്കറിയാം. നീ
ഉപകാരമോ ഉപദ്രവമോ ചെയ്യില്ല. അല്ലാഹുവിൻ്റെ റസൂൽ (صلى الله عليه وسلم(
നിന്നെ ചുംബിക്കുന്നത് ഞാൻ
കണ്ടിട്ടില്ലായിരുന്നെങ്കിൽ നിന്നെ ഞാൻ
ചുംബിക്കുമായിരുന്നില്ല
ُه عَنُْه- ഉമർ

َ ِض َي الل
ر- നിവേദനം: അദ്ദേഹം ഹജറുൽ അസ്വദിൻ്റെ അരികിൽ വന്നു കൊണ്ട് അതിനെ
ചുംബിക്കുകയും ശേഷം ഇപ്രകാരം പറയുകയും ചെയ്തു: "തീർച്ചയായും നീ ഒരു കല്ലാണെന്ന്
എനിക്കറിയാം. നീ ഉപകാരമോ ഉപദ്രവമോ ചെയ്യില്ല. അല്ലാഹുവിൻ്റെ റസൂൽ (صلى الله عليه وسلم) നിന്നെ
ചുംബിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നെങ്കിൽ നിന്നെ ഞാൻ
ചുംബിക്കുമായിരുന്നില്ല."
[صحيح] [متفق عليه]
അമീറുൽ മുഅ്മിനീൻ ഉമർ ബ്നുൽ ഖത്താബ് (رضي الله عنه) കഅ്ബയുടെ അരികിലുള്ള ഹജറുൽ അസ്വദിൻ്റെ
അടുത്ത് വന്നു കൊണ്ട് ഹജറിനെ ചുംബിക്കുകയും ശേഷം ഇപ്രകാരം പറയുകയും ചെയ്തു: "നീ ഒരു
കല്ലാണെന്ന് എനിക്കറിയാം. യാതൊരു ഉപകാരമോ ഉപദ്രവമോ നീ ചെയ്യുകയില്ല. അല്ലാഹുവിൻ്റെ
റസൂൽ (صلى الله عليه وسلم) നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടിട്ടില്ലായിരുന്നെങ്കിൽ നിന്നെ ഞാൻ
ചുംബിക്കുമായിരുന്നില്ല."
https://sunnah.global/hadeeth/ml/show/3024